**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4264** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദ് ചെയ്യുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്; | (ബി) | 46 |
| (സി) | പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (സി) | അബ്കാരി നിയമത്തിലെയും വിദേശമദ്യ ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുന്ന ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് നിയമാനുസരണം ബാർ ലൈസൻസ് നേടാവുന്നതാണ്. |
| (ഡി) | ടൂറിസം ഡെസ്റ്റിനേഷനുകളിലെ പുതിയ ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ടൂറിസം വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരിന് ലഭിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിശോധിച്ചുവരുന്നത് എന്ന് വിശദമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ലൈസൻസ് നൽകിയ ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും മദ്യവില്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യ ഉല്പാദന കമ്പനികൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും മദ്യ ഉല്പാദന കമ്പനി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ? | (എഫ്) | നിലവിലെ മദ്യ നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മദ്യ ഉല്പാദന കമ്പനികൾ ഒന്നും അടച്ചു പൂട്ടുവാൻ നിർദേശിച്ചിട്ടില്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള കാർഷിക സർവ്വകലാശാലക്ക് ഹോർട്ടി വൈൻ ഉദ്പാദിപ്പിക്കുന്നതിനു ലൈസൻസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ